"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ശ്രുതിതരംഗം പദ്ധതിയും, അതുമായി ബന്ധപ്പെട്ട ഉപ പദ്ധതികളും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (സി)വകുപ്പ്

സ.ഉ.(സാധാ) നം.162/2023/SJD തീയതി,തിരുവനന്തപുരം, 26-07-2023

പരാമർശം:-

1. 30.06.2012 തീയതിയിലെ സ. ഉ. (എം.എസ്.) നം. 40/2012 സാ.ക്ഷേവ.
2. 05.05.2014 തീയതിയിലെ സ. ഉ. (എം.എസ്.) നം. 33/2014 സാ.നീ.വ.
3. 28.09.2017 തീയതിയിലെ സ. ഉ. (സാധാ) നം. 640/2017 സാ.നീ.വ.
4. 26.02.2019 തീയതിയിലെ സ. ഉ. (സാധാ) നം. 426/2019 ത.സ്വ.ഭ.വ.
5. 14.02.2020 തീയതിയിലെ സ. ഉ. (സാധാ) നം. 79/2020 സാ.നീ.വ. തീയതി
6. ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10.07.2023 ന് വൈകുന്നേരം 4.30 ന് ചേർന്ന ശ്രുതി തരംഗം പദ്ധതിയുമായി ബന്ധപ്പെട്ടു നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

ഉത്തരവ്

സംസ്ഥാനത്ത് സാമൂഹ്യനീതിവകുപ്പിന് കീഴിൽ കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖാന്തിരം ശ്രവണശേഷി ഇല്ലാത്ത കുട്ടികൾക്ക് ശ്രവണശക്തി വീണ്ടെടുക്കുന്നതിനായി കോക്ലിയർ ഇംപ്ലാന്റേഷൻ സ്കീം (ശ്രുതിതരംഗം) എന്ന പേരിൽ പദ്ധതി നടപ്പാക്കിക്കൊണ്ടും പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും പരാമർശം(1), (2) എന്നിവ പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ശ്രുതിതരംഗം പദ്ധതിയിലൂടെയല്ലാതെ കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയ്ക്ക് വിധേയരായ കുട്ടികളുടെ സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്യുന്നതിനായി ധ്വനി എന്ന പേരിൽ പദ്ധതി നടപ്പാക്കിക്കൊണ്ടും പ്രവർത്തനമാർഗരേഖ അംഗീകരിച്ചുകൊണ്ടും പരാമർശം(3) പ്രകാരം ഉത്തരവായിരുന്നു.

2. സംസ്ഥാനത്ത് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയ്ക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനവും ഒരു കുട്ടിക്ക് 50,000/- രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സാമൂഹ്യ സുരക്ഷാമിഷന് കൈമാറുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് പരാമർശം (4) പ്രകാരവും , അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു.

3. 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരം കേരള സാമൂഹ്യ സുരക്ഷാ

മിഷൻ മുഖേന നടപ്പാക്കി വന്നിരുന്ന ശ്രുതിതരംഗം പദ്ധതി 2023-24 വർഷം മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖാന്തിരം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ , ശ്രുതിതരംഗം പദ്ധതിയുടെ ഉപ പദ്ധതികളായ, ധ്വനി പദ്ധതിയും, അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് പദ്ധതിയും കൂടി ഒരു ഏജൻസി ചെയ്യുന്നതാവും ഉചിതമെന്നതിനാൽ, മൂന്ന് പദ്ധതികളും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് അടിയന്തിരമായി കൈമാറി ഉത്തരവാകുന്നതിന് പരാമർശം (6) പ്രകാരം തീരുമാനമായിട്ടുണ്ട്.

4. ഈ സാഹചര്യത്തിൽ, പരാമർശം (6)-ലെ ചുവടെ ചേർക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖാന്തിരം നടപ്പാക്കി വന്നിരുന്ന ശ്രുതിതരംഗം പദ്ധതിയും ,ധ്വനി പദ്ധതി, അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് പദ്ധതി എന്നീ ഉപ പദ്ധതികളും 2023-2024 സാമ്പത്തിക വർഷം മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പാക്കുന്നതിനായി കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ശ്രുതിതരംഗം, ധ്വനി, അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് എന്നീ പദ്ധതികൾ പ്രകാരം കേരള സാമൂഹ്യ സുരക്ഷാമിഷന് ലഭ്യമായിട്ടുള്ള അപേക്ഷകൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് കൈമാറേണ്ടതും പുതിയ അപേക്ഷകൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.
2. കേരള സാമൂഹ്യ സുരക്ഷാമിഷനും ഉപകരണങ്ങൾ വിതരണം ചെയ്യുന്ന കമ്പനിയുമായുള്ള കരാർ കാലാവധി 2023 ആഗസ്റ്റ് 31-ന് അവസാനിക്കുന്ന സാഹചര്യത്തിൽ, ധ്വനി പദ്ധതി പ്രകാരം കേരള സാമൂഹ്യ സുരക്ഷാമിഷനിൽ നിലവിലുള്ള അപേക്ഷകളിൽ അർഹരായ 25 കുട്ടികളുടെ അപേക്ഷകൾ പരിഗണിച്ച് സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്ത് നൽകുന്നതിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും അടിയന്തിരമായി ഫണ്ട് അനുവദിക്കേണ്ടതാണ്.
3. ശ്രുതിതരംഗം പദ്ധതിയുമായി ബന്ധപ്പെട്ട് കേരള സാമൂഹ്യ സുരക്ഷാമിഷന് നിലവിലുള്ള ബാധ്യതയായ 2.34 കോടി രൂപ അനുവദിക്കുന്നതിന് കേരള സാമൂഹ്യ സുരക്ഷാമിഷൻ ധനവകുപ്പിന് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതും ധനവകുപ്പ് തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.
4. ശ്രുതിതരംഗം പദ്ധതിപ്രകാരം, കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്ക് വിധേയരായി രണ്ട് വർഷക്കാലാവധി പൂർത്തിയാകാത്ത കുട്ടികൾക്കുള്ള ഓഡിറ്ററി വെർബൽ തെറാപ്പി ഇനിമുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖാന്തിരം നൽകുന്നതിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേരള സാമൂഹ്യ സുരക്ഷാമിഷന് ലഭ്യമാക്കിയിട്ടുള്ള തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ഏത് അക്കൗണ്ടിലേയ്ക്കാണ് നൽകേണ്ടത് എന്നതു സംബന്ധിച്ച് വ്യക്തത വരുത്തി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കേരള സാമൂഹ്യ സുരക്ഷാമിഷനെ അറിയിക്കേണ്ടതും അപ്രകാരം അറിയിപ്പ് ലഭ്യമാകുന്ന മുറയ്ക്ക് കേരള സാമൂഹ്യ സുരക്ഷാമിഷൻ ഈ പദ്ധതിയ്ക്കായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയ തുക ഗുണഭോക്തൃ പട്ടികയും അപേക്ഷകളും സഹിതം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് കൈമാറേണ്ടതുമാണ്. ഭാവിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ പദ്ധതിയ്ക്കായുള്ള വിഹിതം നേരിട്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകേണ്ടതാണ്.
6. കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന കരാടിസ്ഥാനത്തിൽ നിയമിച്ച് ശ്രുതിതരംഗം പദ്ധതിയിൽ സേവനമനുഷ്ഠിക്കുന്ന തെറാപ്പിസ്റ്റുകളുടെ സേവനം തുടരുന്ന വിഷയം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി പരിഗണിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്
2. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷ മിഷൻ
3. എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരളം, തിരുവനന്തപുരം
5. ആരോഗ്യ വകുപ്പ്
6. ധനകാര്യ വകുപ്പ്
7. തദ്ദേശ സ്വയം ഭരണ വകുപ്പ്
8. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
9. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ